# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–28/08/2023.

1. ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും 35% മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും 50% പഴം പച്ചക്കറി ഉന്തുവണ്ടികൾക്ക് 15,000 രൂപയും 50% ധനസഹായം നൽകുന്നു. കൂടാതെ കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും 50% കൂൺ കൃഷിക്ക് 8 ലക്ഷം രൂപയും 40% കൂൺ വിത്ത്ല്പാദനത്തിന് 6 ലക്ഷം രൂപയും 40% ധനസഹായം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള, യൂണിവേഴ്സിറ്റി പി. ഒ തിരുവനന്തപുരം- 34 എന്ന വിലാസത്തിലോ 0471 2330856, 2330867, 9188954089 എന്നീ ഫോൺ നമ്പരുകളിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. കേരള വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി മീറ്റ് ടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ **മീറ്റ് പ്രോസസിംഗ് കം പ്ലാന്റ് ഓപ്പറേഷൻ, ഹോൾസം മീറ്റ് പ്രൊഡക്ഷൻ ആന്റ് മീറ്റ് പ്രോസസിംഗ്, മീറ്റ് പ്ളാന്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്** എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നു. ഓൺലൈനായോ അല്ലെങ്കിൽ പോസ്റ്റൽ വഴിയോ അപേക്ഷിക്കാം. വെള്ള കടലാസ്സിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം പിൻ ഉൾപ്പെടെ പൂർണ്ണമായ അഡ്രസ്സും ബന്ധപ്പെടാനുള്ള ഫോൺനമ്പർ അടങ്ങിയ ബയോഡാറ്റയും, ജനനതിയ്യതി, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ കോപ്പിയും, 10 രൂപ. സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവറും പ്രൊഫസർ ആന്റ് ഹെഡ്, മീറ്റ് ടെക്നോളജി യൂണിറ്റ്, മണ്ണുത്തി.പി.ഒ, തൃശ്ശൂർ. 680651 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് ട്രെയിനിങ്ങിന്റെ പേരെഴുതണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ആഗസ്റ്റ് 31 (31/08/2023). കൂടുതൽ വിവരങ്ങൾക്ക് - 0487 2370956, 83018 60956, 89437 84557 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം**

തെങ്ങ് കൂമ്പ് ചീയൽ- മാങ്കോസേബ് നിറച്ച സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം മുൻകരുതലായി ഇങ്ങനെയുള്ള 3 പാക്കറ്റ് വീതം ഓരോ തെങ്ങിന്റേയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്നു കുറേശ്ശേയായി ഒലിച്ച് ഇറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും അല്ലെങ്കിൽ വൃത്തിയാക്കിയ ശേഷം തെങ്ങിന്റെ മണ്ടയിലു കൂമ്പിലും ഒരു ശതമാനം വീതം ബോർഡോമിശ്രിതം തളിക്കുക.

കുരുമുളക് ചീച്ചൽ രോഗം- മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് ചാണകമിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്ത് ഇളക്കുക. രോഗ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ അക്കോമൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക.

**കോഴിവളർത്തൽ പരിചരണം** – കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽകുന്നതും രോഗാണുക്കളുടെ വർദ്ധനവിന് കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയം വാതകം കോഴിയുടെ ആരോഗ്യത്തിന് ഹാനീകരമാണ്. അതുകൊണ്ട് വിരിപ്പ് ഇടയ്ക്കിടെ ഇളക്കികൊടുത്ത് ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം